REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 29-05-2026** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്തിന്റെ വളർച്ചയും വികസനവും ഉറപ്പാക്കുമെന്ന് UDF ഗവണ്മെന്റിന്റെ ആദ്യ നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.**
- **UDF ഗവണ്മെന്റിന്റെ നയപ്രഖ്യാപനത്തിൽ കണ്ടത് നയരാഹിത്യമാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ.**
- **രാജ്യത്ത് ബിസിനസ് അന്തരീക്ഷവും ആഗോള നിക്ഷേപകർക്ക് മികച്ച അവസരങ്ങളും കൈവന്നതായി കേന്ദ്രമന്ത്രി പീയുഷ് ഗോയൽ.**
- **ജൂൺ മുതൽ സെപ്റ്റംബർ വരെ രാജ്യത്ത് സാധാരണയിലും താഴെയായിരിക്കും മഴയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **IPL ക്രിക്കറ്റ് രണ്ടാം ക്വാളിഫയറിൽ ഇന്ന് രാജസ്ഥാൻ റോയൽസ്-ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

പുതിയ UDF ഗവണ്മെന്റിന്റെ ആദ്യ നയപ്രഖ്യാപന പ്രസംഗം നിയമസഭയിൽ പൂർത്തിയായി. പുതുയുഗ കേരളത്തിന് പരിശ്രമിക്കുമെന്നും, സംസ്ഥാനത്തിന്റെ വളർച്ചയും വികസനവും ഉറപ്പാക്കുമെന്നും നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. അഴിമതി രഹിത ഭരണമാണ് ലക്ഷ്യമാക്കുന്നത്. മാനുഷികതയിലൂന്നിയ വികസന സമീപനത്തോടെ സമഗ്ര മേഖലയിലും വളർച്ചയുടെ പാത തുറക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. സംസ്ഥാനത്തെ സാമ്പത്തിക മേഖല കടുത്ത വെല്ലുവിളിയാണ് നേരിടുന്നതെന്നും, തൊഴിലില്ലായ്മ നിരക്കിൽ

ആശങ്കയുണ്ടെന്നും ഗവർണർ അറിയിച്ചു. സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുമെന്നും, ക്ഷേമപെൻഷനുകൾ 3,000 രൂപയാക്കി വർദ്ധിപ്പിക്കുമെന്നും നയപ്രഖ്യാപനം പറയുന്നു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

KSRTC യിലെ സൗജന്യ യാത്ര ഉൾപ്പടെ ഇന്ദിരാ ഗ്യാരണ്ടിയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുമെന്ന് ഗവർണർ അറിയിച്ചു. അഴിമതിയും അധികചെലവും ഇല്ലാതാക്കി ഉദ്യോഗസ്ഥ തലം കാര്യക്ഷമമാക്കും. ഭരണത്തിന് സുതാര്യതയും, വേഗവും ഉറപ്പുവരുത്തും. ജനവിധി വിനയത്തോടെ സ്വീകരിച്ച്, കേന്ദ്രഗവണ്മെന്റുമായി സഹകരിച്ച് മുന്നോട്ട് പോകുന്ന ഗവണ്മെന്റായിരിക്കും UDF ന്റേതെന്നും അദ്ദേഹം ഉറപ്പു നൽകി.

കേരളത്തെ തുറമുഖ ഹബ്ബാക്കി മാറ്റും. നെല്ല്, റബർ, നാളികേര കർഷകർക്ക് അർഹമായ പരിഗണന നൽകുമെന്നും നയപ്രഖ്യാപന പ്രസംഗം വ്യക്തമാക്കി. സംസ്ഥാനത്തിന്റെ കാർഷിക വരുമാനം ഉയർത്തും. വനിതാ കർഷക കൺസോർഷ്യം സ്ഥാപിക്കാനും, യുവാക്കൾക്ക് അഞ്ച് ലക്ഷം രൂപ പലിശ രഹിത വായ്പ നൽകാനും ഉദ്ദേശിക്കുന്നതായും ഗവർണർ പറഞ്ഞു. കോളജ് വിദ്യാർത്ഥിനികൾക്ക് ആയിരം രൂപ ധനസഹായം നൽകും. സഹകരണ മേഖല ശക്തമാക്കും. ഗതാഗത മേഖലയിലെ പ്രശ്നങ്ങൾ പരിഹരിച്ച് മേഖലയെ ഒന്നിപ്പിക്കും. സംസ്ഥാനത്തെ മനുഷ്യ - വന്യമൃഗ സംഘർഷം പരിഹരിക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കും.

സമഗ്ര സിനിമാനയം രൂപീകരിച്ച് കേരളത്തെ സിനിമാഷൂട്ടിംഗിന്റെ കേന്ദ്രമാക്കി മാറ്റുമെന്നും, തിയറ്ററുകൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുമെന്നും നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ അറിയിച്ചു. മലയാള സിനിമയെ ആഗോള തലത്തിലേക്ക് ഉയർത്താനാണ് സംസ്ഥാന ഗവണ്മെന്റിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. ചലച്ചിത്രമേളകൾ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുമെന്നും ഗവർണർ അറിയിച്ചു.

സംസ്ഥാനത്ത് ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കും. ക്ഷേത്രങ്ങളെ ബന്ധപ്പെടുത്തി ആഗോള തീർത്ഥാടന ടൂറിസം വ്യാപിപ്പിക്കുമെന്നും, സഹകരണ മേഖലയുടെ വിശ്വാസ്യത തിരിച്ചുപിടിക്കുമെന്നും സഹകരണ സംഘങ്ങളിൽ ഉടൻ തിരഞ്ഞെടുപ്പ് നടത്തുമെന്നും ഗവർണർ അറിയിച്ചു.

എല്ലാ ജില്ലകളിലും പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കും. ഉന്നത വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ പരിഷ്ക്കരണത്തിന് ഗവണ്മെന്റ്, നയങ്ങൾ ആവിഷ്ക്കരിക്കുമെന്നും, AI അധിഷ്ഠിത മീഡിയസിറ്റി സംസ്ഥാനത്ത്

സ്ഥാപിക്കുമെന്നും രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. ലഹരി വ്യാപനത്തിനെതിരെ കർശന നടപടി സ്വീകരിക്കും. എക്സൈസ് വകുപ്പുകളിൽ സമഗ്ര പരിഷ്ക്കാരം കൊണ്ടുവരുമെന്നും ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞു.

ഇന്ന് നയപ്രഖ്യാപന പ്രസംഗത്തിന് ശേഷം പിരിയുന്ന സഭ പിന്നീട് ജൂൺ ഒന്ന്, രണ്ട്, മൂന്ന് തീയ്യതികളിൽ നന്ദി പ്രമേയം ചർച്ച ചെയ്യും. ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ് ജൂൺ ഒന്നിന് നടത്തും.

✪✪✪

വഖഫ് ബോർഡ് നവീകരണം, ഭൂനിയമ പരിഷ്കരണം, സഹകരണ മേഖല ശാക്തീകരണം, ലഹരി വ്യാപനം തടയാൻ ഓപ്പറേഷൻ തൂഫാൻ, നാലു വരി പാതകളുടെ എണ്ണവും, വികസനവും ഉൾപ്പെടെ നയങ്ങൾ നടപ്പാക്കും.

✪✪✪

UDF ഗവണ്മെന്റിന്റെ നയപ്രഖ്യാപനത്തിൽ കണ്ടത് നയരാഹിത്യമാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. പ്രകടന പത്രികയിലെ വാഗ്ദാനങ്ങളിൽ നിന്ന് ഒളിച്ചു പോകുന്നതാണ് നയപ്രഖ്യാപനമെന്നും പിണറായി തിരുവനന്തപുരത്ത് കുറ്റപ്പെടുത്തി. കേന്ദ്രത്തിൽ നിന്ന് ചോദിച്ച് വാങ്ങേണ്ട കാര്യങ്ങളിൽ നയപ്രഖ്യാപനം മൗനം പാലിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.

കിഫ്ബി, കുടുംബശ്രീ എന്നിവയെപ്പറ്റി ഒരു പരാമർശവുമില്ല. പുതുയുഗ യാത്രയെന്ന UDF ന്റെ അവകാശം ലക്ഷ്യത്തിലെത്തിക്കുന്ന റൂട്ട് മാപ്പ് നയ പ്രഖ്യാപനത്തിലില്ലെന്നും പ്രതിപക്ഷ നേതാവ്കുറ്റപ്പെടുത്തി.

✪✪✪

സംസ്ഥാനത്തെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ വൈകിട്ട് ഉന്നതതല യോഗം ചേരും. മന്ത്രി M. ലിജുവിന്റെ നേതൃത്വത്തിൽ നന്ദാവനത്തെ എക്സൈസ് ആസ്ഥാനത്താണ് യോഗം.

✪✪✪

ഉപരാഷ്ട്രപതി CP രാധാകൃഷ്ണന്റെ മൂന്ന് ദിവസത്തെ കർണ്ണാടക-ഗോവ-കേരള സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ബെംഗലൂരുവിൽ ആർട്ട് ഓഫ് ലിവിംഗ് ഫൗണ്ടേഷന്റെ 45-ാം വാർഷികാഘോഷത്തിൽ ഉപരാഷ്ട്രപതി ഇന്ന് പങ്കെടുക്കും.

ദാവൻഗെരെയിലെ BDT കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിൽ അദ്ദേഹം പങ്കെടുക്കും.

നാളെ പനാജിയിൽ ഗോവ സംസ്ഥാന രൂപീകരണ ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്ന ഉപരാഷ്ട്രപതി ഗോവയിലെ CSIR-നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി സന്ദർശിക്കും.

മറ്റന്നാൾ വൈകിട്ട് കേരളത്തിലെത്തുന്ന ഉപരാഷ്ട്രപതി കോട്ടയത്ത് ദീപിക ദിനപത്രത്തിന്റെ 140-ാമത് സ്ഥാപക വാർഷികാ ഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും.

✪✪✪

കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങൾക്ക് പ്രധാൻമന്ത്രി ആവാസ് യോജന ഗ്രാമീൺ പരിപാടിയിൽ പതിനായിരം കോടിയിലേറെ രൂപ കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ വിഡിയോ കോൺഫറൻസിലൂടെ കൈമാറി.

കേരളത്തിന് പുറമെ തമിഴ്നാട്, കർണാടക, UP, ഗുജറാത്ത്, ഹരിയാന, എന്നിവയടക്കം സംസ്ഥാനങ്ങൾക്കാണ് തുക അനുവദിച്ചത്.

രാജ്യത്ത് പ്രധാൻമന്ത്രി ആവാസ് പദ്ധതിയിൽ ഇതുവരെ മൂന്ന് കോടി 91 ലക്ഷത്തിൽ പരം വീടുകളുടെ നിർമ്മാണത്തിന് കേന്ദ്രം അനുമതി നൽകിയതായി ചൗഹാൻ അറിയിച്ചു.

✪✪✪

ഇന്ത്യയിലേക്ക് പെട്രോളിയവുമായി ഒരു എണ്ണടാങ്കർ കപ്പൽ ഹോർമൂസ് കടലിടുക്ക് കടന്നതായി അധികൃതർ അറിയിച്ചു.അടുത്ത മാസം മൂന്നിന് കപ്പൽ വിശാഖപട്ടണത്ത് എത്തും.മെയ് 21 നാണ് കപ്പൽ ഷാർജയിൽ നിന്നും പുറപ്പെട്ടത്.24 മണിക്കൂറിനുള്ളിൽ 23 വാണിജ്യ കപ്പലുകൾക്ക് ഇസ്ലാമിക് റവല്യൂഷണറി ഗാർഡ് കോർപ്സ് ഹോർമൂസ് കടലിടുക്കിലൂടെ പോകാൻ അനുമതി നൽകിയതായി ഇറാൻ വാർത്താ ഏജൻസി അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ ബിസിനസ് അന്തരീക്ഷവും ആഗോള നിക്ഷേപകർക്ക് മികച്ച അവസരങ്ങളും കൈവന്നതായി കേന്ദ്രമന്ത്രി പീയുഷ് ഗോയൽ പറഞ്ഞു. ഇന്ത്യ - അമേരിക്ക സ്ട്രാറ്റജിക് പാർട്ട്ണർഷിപ്പ് ഫോറവുമായി സഹകരിച്ച് ന്യൂയോർക്കിൽ ഇന്ത്യൻ കോൺസുലേറ്റ് സംഘടിപ്പിച്ച റൗണ്ട് ടേബിൾ യോഗത്തിൽ സംസാരിക്കുകയായിരുന്നു പിയൂഷ് ഗോയൽ.

✪✪✪

മുൻ പ്രധാനമന്ത്രി ചൗധരി ചരൺസിംഗിന്റെ ചരമവാർഷിക ദിനത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, ലോക്സഭാ സ്പീക്കർ ഓംബിർള,

ആഭ്യന്തരമന്ത്രി അമിത് ഷാ എന്നിവർ ശ്രദ്ധാഞ്ജലി അർപ്പിച്ചു. കർഷകർക്കായി അക്ഷീണം പ്രവർത്തിച്ച ദീർഘവീക്ഷണത്തോട് കൂടിയ നേതാവായിരുന്നു ചരൺസിംഗെന്ന് ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

കർണാടകയിൽ പുതിയ നിയമസഭാ കക്ഷിനേതാവിനെ തെരഞ്ഞെടുക്കുന്ന നടപടി ചർച്ച ഡൽഹിയിൽ പുരോഗമിക്കുന്നു, മുഖ്യമന്ത്രി സ്ഥാനം രാജി വെച്ച സിദ്ധരാമയ്യ-യും, ഉപമുഖ്യമന്ത്രി DK ശിവകുമാറും കോൺഗ്രസ് ഹൈക്കമാൻഡിന്റെ ആവശ്യപ്രകാരം ന്യൂഡൽഹിയിലെത്തി. നേതൃത്വവുമായി ചർച്ചയ്ക്ക് ശേഷം മന്ത്രിസഭാ പുനഃസംഘടന ഉണ്ടായേക്കും. ഇന്നലെയാണ് ഗവർണറുടെ ഓഫീസിലെത്തി സിദ്ധരാമയ്യ രാജിക്കത്ത് സമർപ്പിച്ചത്. ഗവർണർ യാത്രയിൽ ആയതിനാൽ അദ്ദേഹം മടങ്ങിയെത്തിയ ശേഷമായിരിക്കും അന്തിമ തീരുമാനം.

സിദ്ധരാമയ്യയുടെ രാജിയിൽ സംസ്ഥാനത്ത് പലയിടത്തും പിന്നാക്ക ന്യൂനപക്ഷ പ്രസ്ഥാനമായ അഹിന്ദ, പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു. അതേ സമയം, DK ശിവകുമാറിനെ പിന്തുണയ്ക്കുന്ന സംഘടനകൾ ആഹ്ലാദ പ്രകടനം നടത്തി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാതി'ന്റെ 134-ാം പതിപ്പ് മറ്റന്നാൾ. ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ, നമോ ആപ്പിലോ, My gov ഓപ്പൺ ഫോറത്തിലോ ഇന്ന് കൂടി സമർപ്പിക്കാം.

✪✪✪

ജൂൺ മുതൽ സെപ്റ്റംബർ വരെ രാജ്യത്ത് സാധാരണയിലും താഴെയായിരിക്കും മഴയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തെക്കു-പടിഞ്ഞാറൻ മൺസൂണിൽ ശരാശരി മഴ 90 ശതമാനമായിരിക്കുമെന്നും ഭൗമശാസ്ത്ര മന്ത്രാലയ സെക്രട്ടറി M രവിചന്ദ്രനും, കേന്ദ്ര കാലാവസ്ഥാ ഡയറക്ടർ ജനറൽ ഡോ. മൃത്യുഞ്ജയ് മഹാപത്രയും ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് ആറ്

ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

✪✪✪

പിണറായി വിജയന്റെ വീട്ടിലെ റെയ്ഡിലുണ്ടായ ആക്രമണത്തെ മുൻ മന്ത്രി V ശിവൻ കുട്ടി ന്യായീകരിച്ചു. ശക്തമായ പ്രതിഷേധം വകവെയ്ക്കാതെ രണ്ടു വാഹനങ്ങൾ ജനക്കൂട്ടത്തിനു നേരെ കൊണ്ടുവന്നതാണ് സംഘർഷത്തിന് കാരണമായത്. നിയമപരമായ നടപടികൾ കോടതി തീരുമാനിക്കട്ടെയെന്നും ശിവൻകുട്ടി പറഞ്ഞു.

കേരളത്തിന്റെ വിദ്യാഭ്യാസ പദ്ധതി കാലഹരണപ്പെട്ടെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന നിർഭാഗ്യകരമാണ്. ശാസ്ത്രീയ പാഠ്യപദ്ധതി പരിഷ്കരണത്തെ മുഖ്യമന്ത്രി അധിക്ഷേപിക്കുന്നത് ഗുണകരമായ കാര്യമല്ലെന്നും, എന്ത് അടിസ്ഥാനത്തിലാണ് അങ്ങനെ പറഞ്ഞതെന്ന് അദ്ദേഹം വ്യക്തമാക്കണമെന്നും ശിവൻകുട്ടി പറഞ്ഞു.

✪✪✪

പാലക്കാട് ജില്ലയിലെ ജലക്ഷാമത്തിന് അടിയന്തിര പരിഹാരം കാണുന്നതിന് ഭൂജല വകുപ്പിന്റെ കുഴൽക്കിണർ നിർമാണ യൂണിറ്റ് ഉടൻ പ്രവർത്തനം ആരംഭിക്കും .ജില്ലയിലെ ചെറുകിട കർഷകർക്ക് സബ്സിഡി നിരക്കിലായിരിക്കും കുഴൽ കിണറുകൾ നിർമിച്ചു നൽകുക.

✪✪✪

IPL ക്രിക്കറ്റ് രണ്ടാം ക്വാളിഫയറിൽ ഇന്ന് രാജസ്ഥാൻ റോയൽസ്-ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ന്യൂ ചണ്ഡീഗഡിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം. കഴിഞ്ഞ ദിവസം എലിമിനേറ്റർ മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ പരാജയപ്പെടുത്തിയാണ് രാജസ്ഥാൻ രണ്ടാം ക്വാളിഫയറിലേക്ക് യോഗ്യത നേടിയത്.

ഇന്ന് വിജയിക്കുന്ന ടീം, മറ്റന്നാൾ അഹമ്മദാബാദിലെ ഫൈനൽ പോരാട്ടത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗലൂരുവുമായി ഏറ്റുമുട്ടും.

✪✪✪

ജൂൺ ആറിന് കണ്ണൂരിൽ ആരംഭിക്കുന്ന സംസ്ഥാന ജേർണലിസ്റ്റ് വോളിബോൾ ടൂർണമെന്റിന്റെ ഭാഗമായി മെഡൽ ലോഞ്ചിംഗ് കണ്ണൂർ പ്രസ് ക്ലബ്ബ് ഹാളിൽ P സന്തോഷ് കുമാർ MP ഉദ്ഘാടനം ചെയ്തു. കായിക വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ T അനീഷ് ഏറ്റുവാങ്ങി.

കണ്ണൂർ VK കൃഷ്ണ മേനോൻ സ്മാരക ഗവ. വനിതാ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

കണ്ണൂർ ജില്ലാ കളരിപ്പയറ്റ് അസോസിയേഷൻ സംഘടിപ്പിക്കുന്ന ജില്ലാ ചാമ്പ്യൻഷിപ്പ് നാളെയും മറ്റന്നാളും കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തും. സുബ്ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി 500 ലേറെ പേർ പങ്കെടുക്കും.

✪✪✪

ശബരിമല സന്നിധാനത്തും പമ്പയിലും നാഷണൽ സെക്യൂരിറ്റി ഗാർഡ്സ് ഉച്ചയ്ക്ക് ശേഷം മോക്ഡ്രിൽ നടത്തും. അതീവ സുരക്ഷാ മേഖലയായ ശബരിമലയിൽ അടുത്തിടെയുണ്ടായ സുരക്ഷാ വീഴ്ചകളുടെ പശ്ചാത്തലത്തിലാണ് ഭീകരാക്രമണം നേരിടാൻ മോക്ഡ്രിൽ സംഘടിപ്പിക്കുന്നത്.

കൊൽക്കത്തയിൽ നിന്നെത്തുന്ന 60 NSG കമാൻഡോകളാണ് പമ്പയിലും സന്നിധാനത്തും മോക്ഡ്രിൽ നടത്തുക.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader:അനുഷ ആത്മപ്രകാശ്*
*News team : അനിൽ ചന്ദ്രൻ, ശ്രീജി പൂവത്തിങ്കൽ*
*DEO : ഷീബ*